**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 115** **18-01-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേയിലെ തെറ്റുകൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Shri E. Chandrasekharan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | പുരയിടമായി കിടന്ന സ്ഥലങ്ങൾ റീസർവ്വേയിൽ തോട്ടമെന്ന് തെറ്റായി രേഖപ്പെടുത്തിയതുമൂലം സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ രാമപുരം, ഈരാറ്റുപേട്ട വില്ലേജുകളിലും കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി സൗത്ത് വില്ലേജിലെയും റീസർവ്വെയ്ക്ക് ശേഷം ഇനം പുരയിടം എന്നത് തോട്ടം എന്ന് തെറ്റായി രേഖപ്പെടുത്തി കാണുന്നു. |
| (ബി) | ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവ് മൂലം ഉണ്ടായിട്ടുള്ള ഇത്തരം തെറ്റുകളാൽ പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | റീസർവ്വെ ചെയ്ത സമയത്ത് റബ്ബർ, തെങ്ങ്, കാപ്പി മുതലായവ കൃഷി ചെയ്തിരുന്നതിനാലാണ് റീസർവ്വെയ്ക്ക് ശേഷം ഭൂമിയുടെ ഇനം തോട്ടം എന്ന് തെറ്റായി രേഖപ്പെടുത്തുവാൻ ഇടയായിട്ടുള്ളത്. റീസർവ്വെയിൽ വന്നിട്ടുള്ള ഈ അപാകതകൾ സെറ്റിൽമെന്റ് രജിസ്റ്റർ പരിശോധിച്ച് തെറ്റായി തോട്ടം എന്ന് രേഖപ്പെടുത്തിയത് തിരുത്തി പുരയിടം എന്ന് മാറ്റി നൽകുന്നതിന് 26/08/2017 ലെ സ.ഉ.(എം.എസ്)303/2017/റവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ കളക്ടർ മീനച്ചിൽ, കാഞ്ഞിരപ്പള്ളി ഭൂരേഖാ തഹസീൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതു പ്രകാരം കക്ഷികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി, മീനച്ചിൽ ഭൂരേഖാ തഹസിൽദാർമാർ റവന്യൂ റിക്കാർഡുകളിൽ ആവശ്യമായ മാറ്റം നടത്തിവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ